പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1854

16.06.2014 -ലെ മറുപടിക്ക്

## ചിറ്റൂരിലെ ആദിവാസി പെൺകുട്ടിയുടെ കൊലപാതകം

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) പാലക്കാട് ചിറ്റൂർ കമ്പാലത്തറ ആദിവാസി കോളനിയിൽ ആദിവാസി പെൺകുട്ടിയെ ക്രൂരമായി ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എപ്പോഴാണ് സംഭവം ശ്രദ്ധയിൽപ്പെട്ടത്; ശ്രദ്ധയിൽപ്പെട്ടതിനു ശേഷം എന്തെല്ലാം നടപടി പോലീസ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) പാലക്കാട് ചിറ്റൂർ കമ്പാലത്തറ ആദിവാസി കോളനിയിൽ മണിമേഖല വിഷം കഴിച്ച് ആത്മഹത്യ ചെയ്തു എന്ന് മണിമേഖലയുടെ മാതാവിന്റെ സഹോദരൻ ഗോപകുമാർ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 461/14 U/s 174 Cr.PC പ്രകാരം 19.05.2014-ന് രാവിലെ 9 മണിയോടെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മൃതദേഹം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തിയതിൽ "Death was due to smothering, there was evidence of forceful vaginal penetration prior to |

death" എന്ന് വെളിവായതിനാൽ കേസ്സിലെ 174 Cr.PC ഭേദഗതി ചെയ്ത് IPC 376, 302, Protection of Children from Sexual Offence Act ലെ 4 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷിക്കുന്ന വിവരത്തിന് ബഹു: കോടതി മുമ്പാകെ റിപ്പോർട്ട് നൽകുകയും അന്വേഷണം ചിറ്റൂർ പോലീസ് ഇൻസ്പെക്ടർ ഏറ്റെടുക്കുകയും ചെയ്തു. അന്വേഷണത്തിൽ ഭ്രവ്യടമയായ ശെന്തിൽവേൽ (47) ആണ് കൊലപാതകം നടത്തിയതെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ 29.05.2014 തീയതി ശെന്തിൽവേലിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി 13.06.2014 ന് അവസാനിച്ച പ്രതിയുടെ റിമാന്റ് കാലാവധി 26.6.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്രപേരുടെ പേരിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരാണ് ഒന്നാം പ്രതി; മറ്റ് പ്രതികൾ ആരെല്ലാമാണ്; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത കേസിൽ ശെന്തിൽവേൽ, S/o, മുത്തുസ്വാമി കൗണ്ടർ, മീനാക്ഷിപുരം എന്ന ആളാണ് പ്രതി. അറസ്റ്റിലായ പ്രതി ഗൗണ്ടർ സമുദായത്തിൽപ്പെട്ട ആളായതിനാലും കൊല്ലപ്പെട്ട മണിമേഖല ആദിവാസി മലയ വിഭാഗത്തിൽ-പ്പെട്ടതായതിനാലും ടിയാന്റെ പേരിൽ Sec.

| | |
|---|---|
| | 376, 302 IPC & Sec. 4 of POCSO & Sec.3 (2)(V) SCSTPO Act എന്നീ വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിട്ടുള്ളത്. ഈ കേസിൽ മറ്റ് പ്രതികളൊന്നുമില്ല. |
| (ഡി) എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേരെ ഇനി അറസ്റ്റ് ചെയ്യാനുണ്ട്; എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്; | (ഡി) പ്രതിയായ ശെന്തിൽവേൽ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 27.05.2014ൽ FIR കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) കൊല ചെയ്യപ്പെട്ട പെൺകുട്ടിയുടെ ബന്ധുവായ സ്ത്രീയെ തട്ടിക്കൊണ്ടുപോയി ഒളിവിൽ പാർപ്പിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന വിവരം പോലീസിന് എപ്പോഴാണ് ലഭിച്ചത്; തുടർന്ന് എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചത്; | (ഇ) 01.06.2014നാണ് ഇത്തരമൊരു വിവരം പോലീസിന് ലഭിച്ചത്. ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സംഭവസ്ഥലത്ത് ചെന്ന് അന്വേഷണം നടത്തിയതിൽ ബന്ധുവായ പ്രിയ എന്ന സ്ത്രീ മൂന്നു വർഷമായി അവിടെ ജോലി ചെയ്തുവരികയാണെന്നും ആരും തന്നെ പിടിച്ചുവെച്ചിട്ടില്ലായെന്നും സ്വന്തം ഇഷ്ട പ്രകാരമാണ് താമസിക്കുന്നതെന്നും മൊഴി നൽകുകയും പിന്നീട് ഭർത്താവിനോടൊപ്പം വീട്ടിലേയ്ക്ക് പോയിട്ടുള്ളതുമാണ്. |
| (എഫ്) തട്ടിക്കൊണ്ടുപോകലുമായി ബന്ധപ്പെട്ട് പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണ് കേസ്സ് എടുത്തിട്ടുള്ളത്; എത്രപേരെ അറസ്റ്റ് ചെയ്തു; ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ? | (എഫ്) തട്ടിക്കൊണ്ട് പോയിട്ടുള്ളതായി ബന്ധുവായ സ്ത്രീയിൽ നിന്നും മൊഴി ലഭിച്ചിട്ടില്ലാത്തതും ആയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ.